പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :491 03.03.2020-ലെ മറുപടിക്ക്

**റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | **(എ)** ഉണ്ട്. റബ്ബർ മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനും റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| **(ബി)** സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ; | **(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കും കണ്ണൂർ ജില്ലയിൽ ഒരു ഗ്ലൗസ് നിർമ്മാണ യൂണിറ്റും സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| **(സി)** ഇതിലേക്കായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | **(സി)** ഇതിലേക്കായി G.O.(Ms) No.16/2019/ID പ്രകാരം കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് CIAL മാതൃകയിൽ റബ്ബർ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്.കണ്ണൂർ ജില്ലയിൽ Kannur Natural Rubber Products Private Limited എന്ന പേരിൽ കമ്പനി രൂപീകരിക്കുകയും, പാപ്പിനിശ്ശേരി ആസ്ഥാനമായി ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിക്കുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഏതെല്ലാം ജില്ലകളിൽ ഇതിനായി സ്ഥലം ലഭ്യമായിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ? | **(ഡി)** റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കിനുവേണ്ടി കോട്ടയം ജില്ലയിൽ 200 ഏക്കർ അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 2.13 ഏക്കർ സ്ഥലത്താണ് ഗ്ലൗസ് നിർമ്മാണ യൂണിറ്റ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**